# Malayala Manorma

# June 18 2018

# Aluva : Heavy rain,Water Level Raise

## പെരിയാറിൽ ജലനിരപ്പ് വർധിച്ചത് അഞ്ചടി

ആലുവ • കനത്ത മഴയിൽ പെരിയാറിൽ ജലനിരപ്പ് അഞ്ചടി ഉയർന്നു. ചെളിയുടെ അളവു 116 എൻടിയു (നെഫ്ലോമെട്രിക് ടർബിഡിറ്റി യൂണിറ്റ്) വരെ എത്തി. പുഴ കരകവിഞ്ഞൊഴുകിയതിനെത്തുടർന്നു മണപ്പുറം മഹാദേവ ക്ഷേത്രത്തിൽ വെള്ളം കയറിയെങ്കിലും ആറാട്ടു നടന്നില്ല. ശിവരാത്രി മണപ്പുറത്തിന്റെ പല ഭാഗവും വെള്ളം കയറിക്കിടക്കുകയാണ്.

ജലശുദ്ധീകരണശാലയുടെ 'ഇൻടേക് വെല്ലി'ലേക്കു വെള്ളം കലങ്ങിമറിഞ്ഞാണ് ഒഴുകിയെത്തുന്നത്. പക്ഷേ, അണക്കെട്ടു തുറക്കുമ്പോൾ ഉള്ളതു പോലെ കട്ടച്ചെളിയല്ല. അതിനാൽ ശുദ്ധീകരണത്തിനു താമസമോ ശുദ്ധജല ഉൽപാദനത്തിൽ കുറവോ ഇല്ല. ആലവും കുമ്മായവും കൂടുതൽ ചേർത്തു ചെളിയുടെ തോത് അഞ്ച് എൻടിയുവാക്കി താഴ്ത്തിയാണു കുടിവെള്ളം വിതരണം ചെയ്യുന്നത്.